LIBRARY ARCHIVES Kerala Legislative Assembly

**ആഭ്യന്തര വിജിലൻസ് സെൽ**

112(3404) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ആഭ്യന്തര വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) കേസന്വേഷണത്തിൽ വീഴ്ചവരുത്തുക, പരാതികൾ അന്വേഷിക്കാതിരിക്കുക, കൈക്കൂലി വാങ്ങുക എന്നീ കുറ്റങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർ ഈ സെല്ലിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്രൈംസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. നിതിൻ അഗ്രവാൾ, ഐ.പി.എസ്. ചീഫ് വിജിലൻസ് ഓഫീസറായി വിജിലൻസ് സെൽ പുനർജീവിപ്പിച്ചിട്ടുണ്ട്. പൊതുജനത്തോടുള്ള പോലീസിന്റെ ഇടപെടൽ, പൊതുസ്ഥലങ്ങളിലുള്ള പോലീസ് നടപടി എന്നിവ സംബന്ധിച്ചും പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫീസുകൾ, സബ് ഡിവിഷണൽ ഓഫീസുകൾ ഉൾപ്പെടെയുള്ള സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽവരുന്ന എല്ലാ സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുക, പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തരത്തിലുള്ള അഴിമതി കണ്ടെത്തുക എന്നതുമാണ് സെല്ലിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ, അതത് പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് സെല്ലിന്റെ തലവനായ ചീഫ് വിജിലൻസ് ഓഫീസർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടുള്ള പ്രസ്തുത പരാതികളെല്ലാം സെല്ലിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുന്നതാണ്.

**താനൂരിൽ നടന്ന സംഘർഷം**

113(3405) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂരിൽ നടന്ന സംഘർഷത്തിന്റെ ഭാഗമായി പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നവരെ പോലീസ് മർദ്ദിച്ചതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രതികൾ പോലീസ് മർദ്ദിച്ചതായി മജിസ്ട്രേറ്റിന് മുമ്പാകെ നൽകിയ മൊഴി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ?